പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5605 — 27.10.2011-ലെ മറുപടിയ്ക്ക്

## സംയോജിത സഹകരണ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>,, പി. ഉബൈദുള്ള<br>,, പി.കെ. ബഷീർ<br>,, എം. ഉമ്മർ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംയോജിത സഹകരണ വികസന പദ്ധതി പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ; അതു നടപ്പാക്കുന്ന ഏജൻസിയുടെ ഘടന വ്യക്തമാക്കുമോ; | (എ) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി. ദേശീയ സഹകരണ വികസന കോർപ്പറേഷനും (എൻ.സി.ഡി.സി.) സംസ്ഥാന സർക്കാരും സംയുക്തമായി ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്ക്, പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയി പ്രവർത്തിക്കുന്ന ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി PIAയുടെ കീഴിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീം (PIT) പ്രവർത്തിക്കുന്നു. എൻ.സി.ഡി.സി. യിൽ നിന്നും വായ്പയായും, സബ്സിഡിയായും ലഭിക്കുന്ന തുക സംസ്ഥാന സർക്കാർ ഓഹരി, വായ്പ ഇനങ്ങളിൽ സംഘങ്ങൾക്ക് നൽകുന്നു. സബ്സിഡി തുക പദ്ധതി നിർവ്വഹണ ചെലവിനും, മാനവ |

| | | | |
|---|---|---|---|
| | | | വിഭവശേഷി വികസനത്തിനും ഉപയോഗിക്കുന്നു. സബ്സിഡി തുകയുടെ 50% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. |
| (ബി) | 2010–11 വർഷത്തിൽ പ്രസ്തുത പദ്ധതിക്ക് നീക്കി വച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരം നൽകാമോ; | (ബി) | വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ടി തുക വയനാട്, തിരുവനന്തപുരം ജില്ലകളിൽ നടപ്പിലാക്കുന്ന ICDP പദ്ധതികൾക്കാണ് ഉപയോഗിച്ചിട്ടുള്ളത്. |
| (സി) | 2011–12 വർഷത്തെ പദ്ധതി നടത്തിപ്പു സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള മാർഗ്ഗരേഖയുടെ വിശദവിവരം നൽകാമോ; അതിൽ ഏതൊക്കെ പരിപാടികൾ നടപ്പാക്കിയെന്നും എന്തു തുക വിനിയോഗിച്ചു എന്നും വിശദമാക്കുമോ; | (സി) | ICDP യുടെ രണ്ടാം ഘട്ടം വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിനും, ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുമായി 2011-12 വർഷത്തെ ബഡ്ജറ്റിൽ 3.25 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 1.03 കോടി രൂപ വയനാട് ജില്ലയിൽ ICDP യുടെ രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പിനായി ഇതിനകം വിനിയോഗിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച് വിശദമാക്കുമോ? | (ഡി) | സംയോജിത സഹകരണ വികസന പദ്ധതി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, കയർ വ്യവസായ സംഘങ്ങൾ, ക്ഷീര സംഘങ്ങൾ, മത്സ്യ സംഘങ്ങൾ, കൺസ്യൂമർ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ തുടങ്ങിയ സംഘങ്ങളിലൂടെ നടപ്പിലാക്കുന്നതു വഴി കർഷകർക്കും ഗ്രാമീണ ജനതയ്ക്കും പ്രയോജനം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ശീർഷകം | വിഹിതം | ചെലവ് |
|---|---|---|
| | (തുക ലക്ഷത്തിൽ) | |
| 2425-107-94-സബ്സിഡി ICDP (സംസ്ഥാനവിഹിതം) | 50.00 | 21.40 |
| 4425-108-74-ഓഹരി ICDP-NCDC വിഹിതം | 150.00 | 150.00 |
| 6425-108-71-വായ്പ ICDP-NCDC വിഹിതം | 75.00 | 75.00 |
| 2425-108-76-സബ്സിഡി ICDP-NCDC വിഹിതം | 50.00 | 48.24 |
| ആകെ | 325.00 | 294.64 |